**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1890** **05-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വേ പൂർത്തിയായ റെയിൽ പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. അനൂപ് ജേക്കബ്</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സർവ്വേ നടപടികൾ പൂർത്തിയായ എത്ര റെയിൽ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ലിസ്റ്റ് നൽകാമോ;</td><td>(എ)</td><td>കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) മുഖേന നടപ്പിലാക്കുന്ന സിൽവർ ലൈൻ പദ്ധതിയുടെ പ്രാരംഭ സർവ്വേ (LIDAR) കെ-റെയിൽ നടത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ വിശദ പദ്ധതി രേഖ (DPR) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>അങ്കമാലി-ശബരി പദ്ധതിയുടെ രാമപുരം - എരുമേലി ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവ്വേ ഇതിനോടകം തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി de-freeze ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>മറ്റു പദ്ധതികളെല്ലാം തന്നെ ഇപ്പോൾ വിവിധ തലങ്ങളിൽ ആസൂത്രണ ഘട്ടത്തിലാണ്.</td></tr>
<tr><td>(ബി)</td><td>ഇതിൽ ഓരോ പദ്ധതിയുടെയും ദൈർഘ്യം, എസ്റ്റിമേറ്റ് തുക, സർവ്വേ നടപടികൾ ആരംഭിച്ച തീയതി, സർവ്വേ നടപടികൾ പൂർത്തീകരിച്ച തീയതി എന്നിവ പ്രത്യേകം നൽകാമോ;</td><td>(ബി)</td><td>സർക്കാർ അംഗീകരിച്ച സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ പ്രകാരം 5 വർഷമാണ് പദ്ധതിയുടെ ദൈർഘ്യമായി കണക്കാക്കിയിരുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 63,941 കോടി രൂപയാണ്.<br><br><table><tr><td>സർവ്വേ</td><td>ആരംഭിച്ച തീയതി</td><td>പൂർത്തീകരിച്ച തീയതി</td></tr><tr><td>ലിഡാർ സർവ്വേ</td><td>15.07.2019</td><td>30.09.2021</td></tr></table></td></tr>
<tr><td>(സി)</td><td>റെയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ വേണ്ടത്ര പരിഗണന നൽകുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ: വിശദമാക്കാമോ;</td><td>(സി)</td><td>ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം - കന്യാകുമാരി, എറണാകുളം - കായംകുളം എന്നി പദ്ധതികൾ പൂർത്തിയാകുന്നതോടു കൂടി</td></tr>
</table>

| | | | |
|---|---|---|---|
| | | | കൂടുതൽ ട്രെയിനുകൾ ഓടിക്കുവാൻ സാധിക്കുകയും യാത്രാ ക്ലേശം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യും.<br><br>കൂടാതെ സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം) പുരോഗതിയ്ക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരികയാണ്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യവികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി റെയിൽവേ അധികൃതരുമായി യോഗങ്ങൾ നടത്തിവരുന്നു. കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിൽ സിൽവർ ലൈൻ വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർ ലൈൻ പാത പദ്ധതി സംസ്ഥാനത്തെ ഒരു മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. എം.പി.മാരുടെ സമ്മേളനത്തിലും കേരള സംസ്ഥാനത്തെ റെയിൽവേ വികസനം ഒരു മുഖ്യ അജണ്ടാ വിഷയമാണ്. |
| (ഡി) | എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ റെയിൽ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും കൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിന് കേരള സർക്കാരും റെയിൽവേ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പിടുകയുണ്ടായി. അതനുസരിച്ച് കേരളത്തിലെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ റെയിൽവേ മന്ത്രാലയവുമായി സംയുക്ത സംരംഭ കമ്പനി കരാർ (ജെ.വി.സി) 01.09.2016 ന് നടപ്പാക്കുകയും 03.01.2017 ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു.<br><br>കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിനു ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും, അതിൽ ഇ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ)) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ് അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു. അംഗീകാരം ലഭ്യമായ പദ്ധതികൾ ഒരു പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി) രൂപീകരിച്ച് അതുവഴി |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതുമായിരിക്കും. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്.<br><br>1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോട്<br><br>2. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ<br><br>3. നിലംബൂർ- നൻജഗുഡ് റെയിൽ ലൈൻ<br><br>4. അങ്കമാലി - ശബരി റെയിൽ പദ്ധതി<br><br>5. ആർ.ഒ.ബി/ആർ.യു.ബി കളുടെ നിർമ്മാണം |

സെക്ഷൻ ഓഫീസർ